പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5257 | 26/03/2018 -ൽ മറുപടിയ്ക്ക്

**സർക്കാർ പ്രൈമറി സ്കൂളുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പ്രൈമറി സ്കൂളുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളാണ് കേരളത്തിലുള്ളത്; പ്രസ്തുത പഞ്ചായത്തുകളിൽ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ആരാണ് വഹിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) 66. വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല വഹിക്കുന്നത് ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകർ/ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/ ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവരാണ്. |
| (ബി) ഇത്തരം പഞ്ചായത്തുകൾ 2017-18 വർഷം എത്ര അക്കാദമിക പ്രോജക്ടുകൾ ഏറ്റെടുത്തു എന്ന വിവരം ലഭ്യമാക്കാമോ; | (ബി) 173 |
| (സി) പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥൻ കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; | (സി) ഗ്രാമ പഞ്ചായത്തുകളിൽ നടത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണ അവലോകന യോഗത്തിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (മോണിറ്ററിംഗ് കമ്മിറ്റി) യോഗത്തിലും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തലത്തിലും കേരള സ്റ്റേറ്റ് ഓഡിറ്റ് തലത്തിലും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പി ലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. |
| (ഡി) ഗ്രാമപഞ്ചായത്തുകളിൽ ഒരു പ്രൈമറി വിദ്യാഭ്യാസ ഓഫീസറെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ? | (ഡി) വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ